പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 200 **27-10-2026-ൽ മറുപടിയ്ക്ക്**

മിഷൻ 1000 പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. ജയന്ത്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വാർഷിക ശരാശരി നൂറ് കോടി രൂപ വിറ്റുവരവുള്ള ആയിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ വളർത്തിയെടുക്കുന്നതിനായി മിഷൻ 1000 പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

മറുപടി: കേരളത്തിലെ ഉൽപാദന, സേവന മേഖലയിലെ തിരഞ്ഞെടുക്കപ്പെട്ട, 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മിഷൻ 1000 പദ്ധതി നടപ്പിലാക്കിവരുന്നു. വിറ്റുവരവ് വർധിപ്പിക്കുക, വിപണി വിപുലീകരിക്കുക, ആധുനികവൽക്കരണവും സാങ്കേതികവിദ്യാ നവീകരണവും പ്രോത്സാഹിപ്പിക്കുക, സുസ്ഥിരമായ തൊഴിലവസരങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. M.S.M.E സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വളർച്ചാസാധ്യതയുള്ള 10,000 ഉൽപാദന, സേവന, വ്യാപാര മേഖലയിലുള്ള സംരംഭങ്ങളെ കണ്ടെത്തി അവയുടെ വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും, ക്രമാനുഗതമായി ₹100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി ഉയർത്തിയെടുക്കുന്നതിനും വേണ്ടി മിഷൻ 10,000 എന്ന പുതിയ പദ്ധതിയുടെ മാർഗനിർദേശങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കും പദ്ധതിയിൽ പരിഗണന നൽകുമോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേരളത്തിൽ UDYAM രജിസ്ട്രേഷനോടെ കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തിക്കുന്ന ഉൽപ്പാദന-സേവന മേഖലയിലെ സൂക്ഷ്മ,ചെറുകിട സംരംഭങ്ങൾക്കാണ് പദ്ധതിയിൽ അപേക്ഷിക്കാൻ അർഹതയുള്ളത്. നിശ്ചിത മാനദണ്ഡങ്ങളും സ്കോറും അടിസ്ഥാനമാക്കിയാണ് സംരംഭങ്ങളെ തിരഞ്ഞെടുക്കുന്നത്. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നിലവിലെ മാനദണ്ഡപ്രകാരം അർഹതയില്ല. 2026 ഒക്ടോബർ 23 വരെ 667 സംരംഭങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് സാമ്പത്തിക സഹായം, വായ്പാ സൗകര്യം, സാങ്കേതിക സഹായം, വിപണന പിന്തുണ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

മറുപടി: തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന് 40% വരെ (പരമാവധി 2 കോടി രൂപ) സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശയിൽ 50% വരെ ഇളവ് (50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക്), DPR തയ്യാറാക്കുന്നതിന് ഒരു ലക്ഷം രൂപ വരെ ധനസഹായവും കൂടാതെ, സ്റ്റേയിൽ അപ്പ് പ്രവർത്തനങ്ങൾക്കായി വ്യവസായ വകുപ്പിന്റെ പിന്തുണയും നൽകി വരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് സംരംഭകത്വ മേഖലയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

മറുപടി: സംരംഭങ്ങളുടെ വിപുലീകരണത്തിലൂടെ മാനേജ്മെന്റ്, സാങ്കേതികവിദ്യ, വിപണനം തുടങ്ങിയ മേഖലകളിൽ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നതാണ്. കൂടാതെ, നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗം വർധിപ്പിക്കുന്നതിലൂടെ ആവശ്യമായ തൊഴിൽ നൈപുണ്യമുള്ള യുവാക്കൾക്ക് മികച്ച തൊഴിൽ സാധ്യതകൾ ലഭ്യമാക്കാനും സംരംഭകത്വ മേഖലയിലെ വളർച്ചയ്ക്ക് പ്രോത്സാഹനം നൽകാനും പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

(ഇ) മിഷൻ 1000 പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്ന സംരംഭങ്ങളുടെ വളർച്ചയും വിവരവും ഉറപ്പാക്കുന്നതിനും നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മറുപടി: ഓരോ സംരംഭത്തിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല സമിതി പദ്ധതിയുടെ പുരോഗതിയും സംരംഭങ്ങളുടെ വളർച്ചയും വിവരവും വിലയിരുത്തി തുടർനടപടികൾ ഏകോപിപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ